# പാലാ സെന്റ് തോമസ് കോളേജിന്റെ പ്ലാറ്റിനം ജൂബിലി ആഘോഷങ്ങളുടെ സമാപന സമ്മേളന വേളയിൽ ബഹുമാനപ്പെട്ട രാഷ്ട്രപതി ശ്രീമതി ദ്രൗപതി മുർമു നടത്തിയ പ്രസംഗത്തിന്റെ പൂർണ്ണരൂപം

1. പാലാ സെന്റ് തോമസ് കോളേജിന്റെ 75-ാം വാർഷികം ആഘോഷിക്കുന്ന ഈ ചടങ്ങിൽ പങ്കെടുക്കാൻ കഴിഞ്ഞതിൽ എനിക്ക് സന്തോഷമുണ്ട്. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ മുൻനിര സ്ഥാപനങ്ങളിലൊന്നായി ഈ കോളേജ് വളർന്നു. കോളേജിൻ്റെ ദീർഘവും ശ്രദ്ധേയവുമായ യാത്രയിൽ പങ്കാളികളായ എല്ലാവരേയും ഞാൻ അഭിനന്ദിക്കുന്നു.

2. ഈ കോളേജ് പോലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഭാവിയെ രൂപപ്പെടുത്തുന്ന വർക്ക്ഷോപ്പുകളാണ്. സമഗ്രമായ പഠനത്തിനും സാമൂഹിക നീതിക്കും ഊന്നൽ നല്കിക്കൊണ്ട്, സുസ്ഥിരതയുടേയും ഉൾച്ചേർക്കലിൻ്റേയും മൂല്യങ്ങൾ ഈ കോളേജ് പ്രോത്സാഹിപ്പിക്കുന്നുവെന്നതിൽ എനിക്ക് സന്തോഷമുണ്ട്.

3. ഈ കോളേജ് ധാർമ്മിക ദിശാബോധത്തോടെ ബൗദ്ധിക ലക്ഷ്യങ്ങളെ പ്രോത്സാഹിപ്പിക്കുന്നു. കോളേജ് ചിഹ്നത്തിന്റെ ഒരു ചിത്രം എനിക്ക് കാണിച്ചുതന്നു. ചിഹ്നത്തിലെ മുദ്രാവാക്യത്തിൽ 'ജീവൻ','വെളിച്ചം','സ്നേഹം' എന്നിവയെ സൂചിപ്പിക്കുന്ന ലാറ്റിൻ പദങ്ങളുണ്ട്. എല്ലാ ജീവജാലങ്ങളുടേയും പവിത്രത, ജ്ഞാനത്തിന്റെ വെളിച്ചം, മുഴുവൻ മനുഷ്യരാശിയോടുമുള്ള സ്നേഹം എന്നിവ സാർവത്രികവും ശാശ്വതവുമായ മൂല്യങ്ങളാണ്.

4. ഇന്ന് രാവിലെ,ശിവഗിരിയിൽ നടന്ന ശ്രീ നാരായണ ഗുരുവിന്റെ മഹാസമാധി ശതാബ്ദി ആഘോഷത്തിൽ പങ്കെടുക്കാൻ എനിക്ക് ഭാഗ്യം ലഭിച്ചു. മഹാനായ സന്ന്യാസിയും, സാമൂഹിക പരിഷ്കർത്താവും,

കവിയുമായിരുന്ന അദ്ദേഹം നമുക്ക് പ്രചോദനാത്മകമായ നിരവധി സന്ദേശങ്ങൾ നല്കിയിട്ടുണ്ട്. 'വിദ്യ കൊണ്ട് പ്രബുദ്ധരാവുക' എന്ന് അദ്ദേഹം പറഞ്ഞിട്ടുണ്ട്, അതായത് 'വിദ്യാഭ്യാസത്തിലൂടെ പ്രബുദ്ധരാകുക'. വിദ്യാഭ്യാസ മില്ലാത്ത ഒരു പ്രദേശം ഇരുണ്ട പ്രദേശമായി തുടരും. വിദ്യാഭ്യാസത്തിന്റെ വെളിച്ചം വ്യക്തിഗതവും കൂട്ടായതുമായ പുരോഗതിയിലേക്കുള്ള പാതയെ പ്രകാശിപ്പിക്കുന്നു. വിദ്യാഭ്യാസത്തിന്റെ വെളിച്ചം പരത്തുന്നതിൽ ഈ കോളേജിന്റെ ശ്രമങ്ങളെ ഞാൻ അഭിനന്ദിക്കുന്നു. സമഗ്ര വിദ്യാഭ്യാസം സാർവത്രിക അനുകമ്പയുടേയും സ്നേഹത്തിന്റെയും മൂല്യങ്ങൾ ഉൾക്കൊള്ളുന്നു. ഈ മൂല്യങ്ങൾ ഉയർത്തിക്കാട്ടുന്നതിന് ഞാൻ കോളേജിനെ അഭിനന്ദിക്കുന്നു.

5. സാമൂഹികവും വിദ്യാഭ്യാസപരവുമായ പരിവർത്തനങ്ങളുടെ മഹത്തായ അധ്യായങ്ങൾക്ക് കോട്ടയം സാക്ഷ്യം വഹിച്ചിട്ടുണ്ട്. തൊട്ടുകൂടായ്മ നിർമാർജ്ജനത്തിനായുള്ള 'വൈക്കം സത്യാഗ്രഹം' എന്നറിയപ്പെടുന്ന മഹത്തായ പ്രസ്ഥാനം നൂറു വർഷങ്ങൾക്ക് മുമ്പ് കോട്ടയത്താണ് നടന്നത്.

6. സാക്ഷരതയുടേയും വിദ്യാഭ്യാസത്തിന്റെയും ഉറവിടമായതിനാൽ കോട്ടയം 'അക്ഷര-നഗരി' എന്നറിയപ്പെടുന്നു. കേരളത്തിലെ ആദ്യത്തേതും ഇന്ത്യയിലെ ആദ്യകാല അച്ചടിശാലകളിൽ ഒന്നുമായ അച്ചടിശാല കോട്ടയത്താണ് സ്ഥാപിതമായത്.

7. ഈ പ്രദേശത്തെ ആളുകൾ വളരെ സജീവമായി പ്രവർത്തിച്ചതിന്റെ ഫലമായാണ് 'സാക്ഷര കേരളം' പ്രസ്ഥാനം ശക്തിപ്പെട്ടത്. വളരെ ലളിതവും എന്നാൽ ശക്തവുമായ 'വായിച്ചു വളരുക' എന്ന സന്ദേശത്തിൽ നിന്നാണ് ശ്രീ പി.എൻ പണിക്കർ ഗ്രന്ഥശാല പ്രസ്ഥാനത്തിലൂടെ പഠനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള മഹത്തായ സംരംഭത്തിനുള്ള പ്രചോദനം ഉൾക്കൊണ്ടത്. കേരളത്തിലെ പഠനാധിഷ്ഠിത ആവാസവ്യവസ്ഥയ്ക്ക് ഈ

കോളേജ് സംഭാവന നല്കുകയും അതിന്റെ ഗുണഭോക്താവാകുകയും ചെയ്തിട്ടുണ്ട്.

8. 21–ാം നൂറ്റാണ്ടിനെ 'വിജ്ഞാന നൂറ്റാണ്ട്' എന്നാണ് വിശേഷിപ്പിക്കുന്നത്. നവീകരണത്തെ നയിക്കുന്ന അറിവ് ഒരു സമൂഹത്തെ മുന്നോട്ട് കൊണ്ടുപോകുകയും സ്വയം പര്യാപ്തമാക്കുകയും ചെയ്യുന്നു. സാക്ഷരത, വിദ്യാഭ്യാസം, അറിവ് എന്നിവയുടെ ശക്തി നിരവധി മാനവ വികസന മാനദണ്ഡങ്ങളിൽ കേരളത്തെ മുൻനിര സംസ്ഥാനങ്ങളിൽ ഒന്നാകാൻ പ്രാപ്തമാക്കി.

9. ചെറുതും വലുതുമായ നദികളുടെ തീരങ്ങളിൽ സംസ്കാരങ്ങൾ തഴച്ചുവളർന്നിട്ടുണ്ട്. ഈ പ്രദേശത്തിൻ്റെ ജീവനാഡിയായ മീനച്ചിൽ നദിയുടെ തീരത്താണ് ഈ കോളേജ് സ്ഥിതി ചെയ്യുന്നത്. ഈ പ്രദേശത്തെ പരിസ്ഥിതി ബോധമുള്ള ആളുകൾ, പ്രത്യേകിച്ച് കോളേജ് സമൂഹത്തിലെ അംഗങ്ങൾ അവരുടെ നിരന്തരമായ ശ്രമങ്ങളിലൂടെ ഈ നദി തുടർന്നും വൃത്തിയായി സൂക്ഷിക്കുമെന്ന് എനിക്ക് ഉറപ്പുണ്ട്.

10. ഇന്ത്യയുടെ മുൻ ചീഫ് ജസ്റ്റിസ് ശ്രീ കെ.ജി ബാലകൃഷ്ണൻ, മറ്റ് പ്രമുഖ നിയമജ്ഞർ, കേന്ദ്ര മന്ത്രിമാർ, ജനപ്രതിനിധികൾ, സിവിൽ സർവീസുകാർ, നയതന്ത്രജ്ഞർ, അക്കാദമിക് വിദഗ്ധർ തുടങ്ങി വിവിധ മേഖലകളിൽ മികവ് പുലർത്തിയ നിരവധി പ്രമുഖ പൂർവ്വ വിദ്യാർത്ഥികളെ ഈ കോളേജ് സൃഷ്ടിച്ചിട്ടുണ്ട്.

11. കായികരംഗത്തെ മികവ് പ്രോത്സാഹിപ്പിക്കുന്നതിന് കോളേജ് പ്രത്യേക അഭിനന്ദനം അർഹിക്കുന്നു. ഇതിഹാസ വോളിബോൾ കളിക്കാരനായ ജിമ്മി ജോർജ്ജിൻ്റെ മാതൃകയിൽ നിന്ന് ഇന്ത്യയിലെ യുവാക്കൾ, പ്രത്യേകിച്ച് ഈ കോളേജിലെ വിദ്യാർത്ഥികൾ പ്രചോദനം ഉൾക്കൊള്ളുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു. ഇത്രയും കുറഞ്ഞ ആയുഷ്കാലം കൊണ്ട് അദ്ദേഹം അന്താരാഷ്ട്ര പ്രശസ്തി നേടി. ഈ കോളേജിലെ വളരെ

ജനപ്രിയനായ പൂർവ്വ വിദ്യാർത്ഥിയായിരുന്നു അദ്ദേഹം. ജിമ്മി ജോർജ്ജിനെ ഓർത്ത് ഇന്ത്യ എന്നും അഭിമാനിക്കും.

12. രാഷ്ട്രപതി ഭവനിലെ എന്റെ മുൻഗാമികളിൽ ഒരാളായ പരേതനായ ശ്രീ കെ.ആർ നാരായണൻ കോട്ടയത്തിൻ്റെ മകനായിരുന്നു. ഇവിടെ നിന്ന് ഏതാനും കിലോമീറ്റർ മാത്രം അകലെയുള്ള ഉഴവൂർ ഗ്രാമത്തിലാണ് അദ്ദേഹം ജനിച്ചത്. എളിയ തുടക്കം മുതൽ രാജ്യത്തെ ഏറ്റവും ഉയർന്ന പദവിയിലേക്കുള്ള യാത്ര അദ്ദേഹത്തിൻ്റെ അസാധാരണ കഴിവിനേയും ഇന്ത്യയുടെ ജനാധിപത്യ മനോഭാവത്തേയും പ്രകടമാക്കുന്നു. ഇന്ന് രാവിലെ, തിരുവനന്തപുരത്തെ രാജ്ഭവനിൽ,അദ്ദേഹത്തിൻ്റെ പ്രതിമ അനാച്ഛാദനം ചെയ്യാൻ എനിക്ക് ഭാഗ്യം ലഭിച്ചു. ഇപ്പോൾ,അദ്ദേഹത്തിൻ്റെ ജന്മസ്ഥലത്തിനടുത്തു നിന്ന് ഞാൻ വീണ്ടും അദ്ദേഹത്തിൻ്റെ ഓർമ്മകളെ വിനയപൂർവ്വം അഭിവാദ്യം ചെയ്യുന്നു.

13. ശ്രീ കെ.ആർ. നാരായണന്റെ ജീവിതയാത്ര നമുക്കെല്ലാവർക്കും പ്രചോദനം നല്കുന്നു. നമ്മുടെ സഹമനുഷ്യർക്ക്, പ്രത്യേകിച്ച് പിന്നാക്കം നിൽക്കുന്നവർക്ക്, നമുക്ക് നല്കാൻ കഴിയുന്ന ഏറ്റവും വലിയ സേവനം അവരുടെ യഥാർത്ഥ കഴിവുകൾ തിരിച്ചറിയാൻ സഹായിക്കുക എന്നതാണെന്ന് ഇത് നമ്മെ ഓർമ്മിപ്പിക്കുന്നു. വികസനത്തിന്റെയും വളർച്ചയുടേയും അവസരങ്ങൾ പര്യവേക്ഷണം ചെയ്യുന്നതിനുള്ള താക്കോലാണ് വിദ്യാഭ്യാസം. പ്രധാനമായും ഗ്രാമപ്രദേശങ്ങളിൽ നിന്നുള്ള വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസം നൽകുക എന്ന ലക്ഷ്യത്തോടെയാണ് ഈ കോളേജ് സ്ഥാപിതമായത്. കഴിഞ്ഞ 75 വർഷമായി കോളേജ് ഈ പ്രശംസനീയമായ ലക്ഷ്യം നിറവേറ്റുന്നു. ഗുണനിലവാരമുള്ള വിദ്യാഭ്യാസം പ്രോത്സാഹിപ്പിക്കുന്നതിൽ കോളേജ് തുടർന്നും പങ്കുവഹിക്കുമെന്നും അതുവഴി 2047 ആകുമ്പോഴേക്കും കൂടുതൽ നീതിയുക്തമായ ഒരു സമൂഹവും വികസിത ഭാരതവും കെട്ടിപ്പടുക്കുന്നതിന് സംഭാവന നല്കുമെന്നും എനിക്ക് ഉറപ്പുണ്ട്. ഈ കോളേജിനും അതുമായി

ബന്ധപ്പെട്ട എല്ലാവർക്കും വളരെ ശോഭനമായ ഭാവി ആശംസിക്കുന്നു.

നന്ദി,

ജയ് ഹിന്ദ്!

ജയ് ഭാരത്!